# കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ — കെ.ബൈജുനാഥ്, ബഹു. ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ1892/11/12/2022**

ഹർജിക്കാരൻ: വി.എസ്.ലേഖ,ശ്രീമംഗലം
പ്ലാവൂർ,ആമച്ചൽ പി.ഒ,തിരുവനന്തപുരം

എതിർകക്ഷി :

**ഉത്തരവ്തീയതി 03.04.2024**

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ മണക്കാല വാർഡിൽ ചാമൈക്കോണംകുളം മുതൽ വാളികോട് റോഡിൻെറ പുനരുദ്ധാരണപണികൾ ചെയ്തപ്പോൾ നിലവിലുണ്ടായിരുന്ന തോട് അടച്ചതായും അതിൻെറ ഫലമായി മഴവെള്ളം ഒഴുകിപോകാൻ കഴിയാതെ ഹർജികക്ഷിയുടെ വസ്തുവിൽ കെട്ടികിടന്ന് കൃഷിയോഗ്യമല്ലാതായി മാറിയെന്നും, ആയതിനാൽ വെള്ളം ഒഴുകികൊണ്ടിരുന്ന ഓട പുനർനിർമ്മിക്കാനുള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ്പരാതി സംഗതി.

പരാതി സംഗതിയിൽ കമ്മീഷൻ 25.11.2022 തീയതി ഒരു ഇടക്കാല ഉത്തരവ് പാസ്സാക്കിയിരുന്നു. പ്രസ്തുത ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരു അഡീഷണൽ റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരിയുടെ വസ്തു താഴ്ന്നഭൂമി ആയതിനാൽ തന്നെ മഴക്കാലത്ത് പരാതിക്കാരിയുടെ വസ്തുവിൽ സ്വാഭാവികമായും വെള്ളം കെട്ടാനുള്ള സാധ്യതയുണ്ടെന്നും, പരാതിക്കാരി ഉൾപ്പെടെ 17 പേരോളം വിട്ടു നൽകിയ ഭൂമിയിലാണ് റോഡ് പണിതിട്ടുള്ളതെന്നും, പരാതിക്കാരിയുടെ ഭൂമി പ്രകൃത്യാ തന്നെ താഴ്ന്നതും വാഴകൃഷി ചെയ്യുന്ന പണയായിട്ടാണ് കാണുന്നതെന്നും, മഴക്കാലമാകുമ്പോൾ ചരിഞ്ഞുകിടക്കുന്ന പ്രദേശമായതിനാൽ പരാതികക്ഷിയുടെ പണയിലേയ്ക്ക് വെള്ളമെത്തുന്നതായി അറിയാൻ കഴിഞ്ഞുവെന്നും, റോഡ് നിർമ്മാണം മൂലമാണ് വെള്ളക്കെട്ട് ഉണ്ടാകുന്നതെന്ന് പറയാൻ കഴിയില്ലായെന്നും ഓട നിർമ്മിക്കുന്നതിനായി പരാതിക്കാരി ഉൾപ്പെടെയുള്ള വസ്തു ഉടമകൾ സ്ഥലം വിട്ടുനൽകേണ്ടതായുണ്ടെന്നും, പ്രദേശവാസികൾ ഓട നിർമ്മാണത്തിനായി വസ്തുവിട്ടുനൽകുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പ്രസ്തുത ഓടയുടെ നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു.

റിപ്പോർട്ടിന്മേൽ ഹർജികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ പരിശോധിച്ചു നിലവിലുള്ള നീർച്ചാൽ പുനഃസ്ഥാപിച്ചാൽ പരാതിക്ക് പരിഹാരമാകുമെന്നാണ് പരാതികക്ഷിയുടെ വാദം. റോഡ് നിർമ്മാണത്തിനു മുമ്പ് വെള്ളകെട്ട് ഉണ്ടായിട്ടില്ലായെന്ന് പരാതികക്ഷി പറയുന്നു. ഓട നിർമ്മിച്ചാൽ വെള്ളക്കെട്ട് ഒഴിവാക്കാൻ

കഴിയുമെന്ന് റിപ്പോർട്ടിലും അംഗീകരിക്കുന്നുണ്ട്. വെള്ളകെട്ട് ഒഴിവാക്കി കൃഷി ഭൂമി സംരക്ഷിക്കേണ്ട ഉത്തരവദിത്വം പഞ്ചായത്തിനുണ്ട്. നീർച്ചാൽ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടു നൽകാൻ പരാതിക്കാർ ഉൾപ്പെടെയുള്ളവർ തയ്യാറാണെന്ന് കമ്മീഷനെ അറിയിക്കുകയുണ്ടായി. ആയതിനാൽ പരാതികക്ഷി ഉൾപ്പെടെയുള്ള സമീപവാസികളുമായി സംസാരിച്ച് വെള്ളകെട്ടിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കേണ്ടതാണെന്ന പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട്നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു

ഒപ്പ്
**കെ. ബൈജുനാഥ്,**
**ബഹു. ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ